മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) പി. പി. പെഴലോസ്.

(ബി) Rs. 25-40 grade ഗോഡൌൺ ഇൻസ്പെക്ടരുടെ ആഫീസ്സിൽ ഒരു ക്ലാർക്ക് ആയിരുന്നു.

(സി) ശിക്ഷിച്ചതായിട്ട് ഇവിടെ അറിവില്ല.

TOBACCO AND CIGARETTES—LICENSING SYSTEM

210. മിസ്റ്റർ പി. ടി. ജാക്കബ്:

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ഏതെങ്കിലും ഒരു "ബി" ക്ലാസ്സ് പുകയില ലൈസൻസ്സുകാരൻ സ്റ്റോറിലുള്ള ഏതെങ്കിലും ഒരു "എ" ക്ലാസ്സുകാരനോട് സ്ഥലം എ ക്ലാസ്സുകാരന്റെ കൈവശം ഇല്ലാത്ത മറേതെങ്കിലും സിഗററുകളൊ മറെറാ വാങ്ങി വില്ക്കുന്നു എന്ന കാരണത്താൽ തന്റെ അതൃത്തിയിൽപെട്ട ഏ ക്ലാസ്സ് ലൈസൻസ്സുകാരൻ ആ "ബി" ക്ലാസ്സുകാരനു പതിവായി എടുത്തുകൊണ്ടിരിക്കുന്ന സിഗറെറാ മറു സാധനങ്ങളൊ കൊടുക്കാതിരിക്കുവാൻ അധികാരമുണ്ടൊ;

(ബി) കൊച്ചിയിൽ ഇന്നു നിലവിലിരിക്കുന്ന ഏ ക്ലാസ്സു പുകയില കുത്തകക്കാരുടെ ഇറക്കുമതി, വില്പന മുതലായ അവകാശങ്ങളെന്തെല്ലാമാണു;

(സി) ഒരു "ബി" ക്ലാസ്സു പുകയില കുത്തകക്കാരനു കൊച്ചിസംസ്ഥാനത്തുള്ള ഏതെങ്കിലും "എ" ക്ലാസ്സു കുത്തകക്കാരനോടു ചരക്കുകൾ വാങ്ങാമെന്നുണ്ടെങ്കിലും അതൃത്തിയിലുള്ള "എ" ക്ലാസ്സുകാരൻ അയാൾക്കു ആവശ്യമുള്ള ചരക്കു കൊടുക്കുവാൻ നിർബ്ബന്ധിതനല്ലെ; അങ്ങിനെ അല്ലെങ്കിൽ ഒരു പ്രത്യേക അതൃത്തിക്കകത്തു പ്രത്യേകം "എ" ക്ലാസ്സു കുത്തകക്കാരന്റെ ആവശ്യമെന്താണു;

(ഡി) ഗവൺമെണ്ടൊ, ഉല്പാദക വ്യവസായികളൊ, അവരുടെ ഏജണ്ടുമാരൊ ക്ലിപ്തപ്പെടുത്തിട്ടുള്ള വിലക്കു വില്പാനുള്ള അവകാശം മാത്രമല്ലെ ലേലപ്രകാരം "എ" ക്ലാസ്സുകാരനൊ "ബി" ക്ലാസ്സുകാരനൊ നൽകപ്പെടുന്നുള്ളു; അല്ലാതെ ക്ലിപ്തവിലയുള്ള സാധനങ്ങൾക്കു ഇഷ്ടമുള്ള വിലയിട്ടു വില്പാനുള്ള അവകാശമാണൊ ലേലം വിളിച്ചു നൽകപ്പെടുന്നതു?

റാവു ബഹദൂർ ടി. കെ. നായർ:

(എ) അധികാരമില്ല.

(ബി) ഈ വിവരങ്ങൾ പുകയില ഷാപ്പു ലേലപരസ്യത്തിൽനിന്നും മനസ്സിലാക്കാവുന്നതാണു.

(സി) "ബി" ക്ലാസ്സു ഷാപ്പുകാരുടെ സൌകര്യത്തിനുവേണ്ടിയാണു പ്രധാനപ്പെട്ട സകല സ്ഥലങ്ങളിലും "എ" ക്ലാസ്സുകൾ സ്ഥാപിച്ചിരിക്കുന്നതു.

(ഡി) ന്യായമായ വിലക്കു വില്പാനാണു "എ" "ബി" ക്ലാസ്സുകൾ ലേലം ചെയ്യുന്നതു.

II. President's announcement regarding (i) receipt of nominations for the Maharaja's Technological Institute, Advisory Board

Mr. President: I have to announce that at 5 p.m. yesterday afternoon, the time appointed for receiving nomination papers no nomination paper had been received for the election of a member to the Maharaja's Technological Institute Advisory Board. Hence the election fixed at 5 p.m. to day is postponed to 5 p.m. tomorrow and the Secretary to the Council will receive nomination papers for this election up to 5 p.m. today.

(ii) Maharaja's College Advisory Committee

The term of the Maharaja's College Advisory Committee has expired and a fresh committee has to be constitued. The election of a member tothis committee will also be conducted at 5 p.m. tomorrow afternoon. Nominations for this election will be received by the Secretary to the Council up to 5 p.m. today. The House will now resume discussion on the Minimum Wages Bill.

LIBRARY ARCHIVES Kerala Legislative Assembly